# ഉത്തരവ് കണ്ടില്ലെന്ന് എക്സൈസ്: നീര കർഷക സൊസൈറ്റികൾക്കു ലൈസൻസ് തടഞ്ഞു

● രണ്ടാംഘട്ടത്തിൽ 158 സൊസൈറ്റികൾ അപേക്ഷിച്ചപ്പോൾ ലൈസൻസ് നൽകിയതു രണ്ടെണ്ണത്തിന് മാത്രം

**ജോജി സൈമൺ**

കൊച്ചി ● ഒരു മാസം മുൻപു സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് കണ്ടില്ലെന്നു പറഞ്ഞ് എക്സൈസ് വകുപ്പ് വിവിധ ജില്ലകളിൽ നീരകർഷക സൊസൈറ്റികൾക്കു ലൈസൻസ് നിഷേധിച്ചു. നേരത്തേ ലൈസൻസ് നൽകിയ 15 സൊസൈറ്റികൾക്കു പുറമെ 158 സൊസൈറ്റികൾക്കുകൂടി ലൈസൻസ് നൽകണമെന്ന് കഴിഞ്ഞ മാസം 13ന് നികുതി സെക്രട്ടറി ഉത്തരവിറക്കിയിരുന്നു. എന്നാൽ അപേക്ഷയുമായെത്തിയവരോട് ഉത്തരവ് ലഭിച്ചിട്ടില്ലെന്ന മറുപടിയാണു വിവിധ ജില്ലകളിൽ എക്സൈസ് വകുപ്പ് നൽകിയത്. ഉത്തരവ് ഇറങ്ങി ഒരു മാസമായിട്ടും രണ്ടു സൊസൈറ്റികൾക്കു മാത്രമാണു ലൈസൻസ് നൽകാനായത്.

എക്സൈസ് കമ്മിഷണർക്കുൾപ്പെടെ പകർപ്പ് നൽകിയ സർക്കാർ ഉത്തരവാണു കണ്ടില്ലെന്ന് ചില ജില്ലകളിലെ എക്സൈസ് ഡപ്യൂട്ടി കമ്മിഷണർമാർ നിലപാടെടുത്തത്. സൊസൈറ്റികൾ ബന്ധപ്പെട്ടതിനെത്തുടർന്നു നാളികേര വികസന ബോർഡിൽ നിന്ന് ഉത്തരവിന്റെ പകർപ്പ് എല്ലാ എക്സൈസ് ഓഫിസുകളിലേക്കും പിന്നീട് അയച്ചുകൊടുത്തെങ്കിലും അതുപോരെന്ന വാദമാണു തൃശൂർ, പാലക്കാട് ജില്ലകളുടേത്. നാളികേര വികസന ബോർഡിന്റെ ശുപാർശ കൂടി ലഭിച്ചാലേ ലൈസൻസ് അനുവദിക്കൂ എന്നാണ് ഇപ്പോഴത്തെ നിലപാട്.

ഏറ്റവുമധികം അപേക്ഷകരുള്ളത് കോഴിക്കോട് ജില്ലയിലാണ്. 45 പേർ അപേക്ഷിച്ചപ്പോൾ ലൈസൻസ് നൽകിയത് ഒരു സൊസൈറ്റിക്കു മാത്രം. മലപ്പുറത്ത് 28, തൃശൂരിൽ 19, ആലപ്പുഴയിൽ 15, പാലക്കാട് 14 എന്നിങ്ങനെയാണ് അപേക്ഷകർ. എന്നാൽ ഇവിടെയെല്ലാം ഓരോ സൊസൈറ്റിക്കു മാത്രമാണു ലൈസൻസ് നൽകിയിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, എറണാകുളം ജില്ലകളിൽ മാത്രമാണ് ഒന്നിൽ കൂടുതൽ പേർക്കു ലൈസൻസ് നൽകിയത്.

നീരയുൽപാദനത്തിന് ആവശ്യമായ തെങ്ങ് അടയാളപ്പെടുത്തുന്നതിലുമുണ്ട് എക്സൈസ് വകുപ്പിന്റെ മെല്ലെപ്പോക്ക്. കോട്ടയം, ഇടുക്കി ജില്ലകളിൽ മാർക്കിങ് തുടങ്ങുക പോലും ചെയ്തിട്ടില്ല. ലൈസൻസ് നേടിയ സൊസൈറ്റിക്കായി അടയാളപ്പെടുത്തൽ പൂർത്തിയാക്കിയത് വയനാട്, തൃശൂർ ജില്ലകൾ മാത്രം. കുറഞ്ഞത് 1500 തെങ്ങുകൾ ഒരു സൊസൈറ്റിക്കായി അടയാളപ്പെടുത്തി നൽകണമെന്നിരിക്കേ, പല ജില്ലകളിലും എണ്ണം 100 കവിഞ്ഞിട്ടില്ല.

നീരയുൽപാദനത്തിനായി 12 കമ്പനികൾ ഇതിനകം റജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഒരു കമ്പനിക്കു കീഴിൽ 10 സൊസൈറ്റികൾ ഉണ്ടാകണമെന്നാണു മാനദണ്ഡം. എന്നാൽ സംസ്ഥാനത്താകെ ഇതുവരെ 17 സൊസൈറ്റികൾക്കു മാത്രമാണു ലൈസൻസ് നൽകിയത്. സൊസൈറ്റികൾക്കു ലൈസൻസ് ലഭിക്കാൻ വൈകുന്നത് ജൂലൈ പകുതിയോടെ നീര വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കാനുള്ള നീക്കങ്ങൾക്കു തിരിച്ചടിയാകും.

## ലൈസൻസ് നിഷേധിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കും: എക്സൈസ് കമ്മിഷണർ

കൊച്ചി ● സർക്കാർ ഉത്തരവ് ലഭിച്ചിട്ടില്ലെന്ന കാരണത്താൽ ഏതെങ്കിലും ജില്ലകളിൽ നീരകർഷകരുടെ സൊസൈറ്റിക്ക് എക്സൈസ് വകുപ്പ് ലൈസൻസ് നിഷേധിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുമെന്ന് എക്സൈസ് കമ്മിഷണർ അനിൽ സേവ്യർ.

ലൈസൻസ് വൈകുന്നതിനു കാരണം സാങ്കേതിക പ്രശ്നങ്ങളോ അപേക്ഷയ്ക്കൊപ്പം അനുബന്ധ രേഖകൾ ലഭിക്കാത്തതോ ആയിരിക്കാമെന്നാണു കരുതുന്നത്.

നീരയെ പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ എക്സൈസ് വകുപ്പിനു തുറന്ന മനസാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.